കേരളോത്സവം ഉദ്ഘാടനം

വടക്കാഞ്ചേരി: നഗരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കേരളോത്സവം ഗവ. ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ ചെയർപേഴ്സൺ മിനി അരവിന്ദൻ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ പി. എൻ. സുരേന്ദ്രൻ അധ്യക്ഷനായി. സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ധന്യ നിധിൻ, ഷീലമോഹൻ, കെ.പി. മദനൻ, സ്വപ്ന ശശി, പി. ജി. സനീഷ്, കൗൺസിലർമാർ, നഗരസഭ ഉദ്യോഗസ്ഥർ, സംഘാടക സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

വാർഷിക പൊതുയോഗം

ചാവക്കാട്: വ്യാപാരി വ്യവസായി സഹകരണ സംഘം വാർഷിക പൊതുയോഗം നടത്തി. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ വൈസ് പ്രസിഡന്റ് ലൂക്കോസ് തലക്കോട്ടൂർ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റും സംസ്ഥാന വൈസ് പ്രസിഡന്റുമായ സംഘം പ്രസിഡന്റ് കെ.വി.അബ്ദുൽ ഹമീദ് അധ്യക്ഷത വഹിച്ചു. ഡയറക്റ്റർ ബോർഡ് അംഗം ജോജി തോമസ്, സംഘം സെക്രട്ടറി ഷൈനി വർഗീസ്, വൈസ് പ്രസിഡന്റ് ഉസ്മാൻ, ഡയറക്റ്റർ ബോർഡ് അംഗം കെ.എൻ. സുധീർ എന്നിവർ പങ്കെടുത്തു.

'വിജയാരവം' റാലി സംഘടിപ്പിച്ചു

ചാവക്കാട്: മന്ദലാംകുന്ന് ജിഎഫ് യുപി സ്കൂൾ സംഘടിപ്പിച്ച 'വിജയാരവം' റാലി പുന്നയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് റസ്ല റഹീം ഫ്ലാഗ് ഓഫ് ചെയ്തു. ചാവക്കാട് ഉപജില്ലാ കായികമേളയിലും ശാസ്ത്രമേളയിലും കൈവരിച്ച അഭിമാനകരമായ നേട്ടങ്ങളുടെ ഭാഗമായാണ് റാലി സംഘടിപ്പിച്ചത്. പഞ്ചായത്ത് വിദ്യാഭ്യാസ -ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷ മുബീന സലിം, വാർഡ് മെമ്പർ ടി.എ.അയിഷ, സലീം കുന്നമ്പത്ത്, യുസുഫ് തണ്ണിതുറക്കൽ, സുനിത മേപ്പുറത്ത്, ജിസ്ന ലത്തീഫ്, സബീഹ, സെറീന സിറാജ് തുടങ്ങിയവർ നേതൃത്വം നൽകി.

അപേക്ഷാ തീയതി നീട്ടി

തൃശൂർ: ആരോഗ്യകേരളം (ദേശീയ ആരോഗ്യ ദൗത്യം) ജില്ലയുടെ കീഴിലുള്ള വിവിധ ആരോഗ്യ തസ്തികകളിലേക്ക് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 31 വരെ നീട്ടിയതായി ജില്ലാ പ്രോഗ്രാം മാനെജർ അറിയിച്ചു.

സൗജന്യ തൊഴിൽ പരിശീലനം

തൃശൂർ: ജില്ലാ പഞ്ചായത്ത് 2026-27 വർഷം നടപ്പിലാക്കുന്ന പട്ടികജാതി യുവജനങ്ങൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന പദ്ധതിയുടെ ഭാഗമായി കൺവെൻഷണൽ ആൻഡ് സിഎൻസി മഷിനിസ്റ്റ് കോഴ്സിലേക്ക് സൗജന്യ റെസിഡൻഷ്യൽ പരിശീലനത്തിനായി അപേക്ഷ ക്ഷണിച്ചു. 10 മാസത്തെ പരിശീലനമാണ് നൽകുന്നത്. ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കാണ് അവസരം. ഫോൺ: 0487 2360381, 8332936103, 9995828550, 8075106574, 6364864690.

വിദ്യാഭ്യാസ ആനുകൂല്യം

തൃശൂർ: കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് 2026-27 അധ്യയന വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ, പോളിടെക്നിക്, ഡിപ്ലോമ, സിവിൽ സർവീസ് കോച്ചിങ് ഉൾപ്പെടെ വിവിധ കോഴ്സുകളിൽ പഠിക്കുന്നവർക്ക് നവംബർ ഒന്ന് മുതൽ ഓൺലൈനായി അപേക്ഷിക്കാം. ഡിസം. 31-ന് മുൻപ് www.labourwelfarefund.in വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കണം.

വൈദ്യുതി മുടങ്ങും

തൃശൂർ: കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ സെക്ഷൻ നാല് വൈദ്യുത വിതരണ പരിധിയിൽ എൽടിഎബിസി പ്രവൃത്തികൾ നടക്കുന്നതിനാൽ വ്യാഴാഴ്ച രാവിലെ ഒമ്പത് മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ തങ്കമണിക്കയറ്റം, കിണർ സ്റ്റോപ്പ് പരിസരം, അനുഗ്രഹ നഗർ, ആലുംവെട്ട്വഴി, കുട്ടത്ത് ലൈൻ പരിസരങ്ങളിലും അരണാട്ടുകര ഫീഡറിൽ എൽടിഎബിസി പ്രവൃത്തികൾ നടക്കുന്നതിനാൽ വ്യാഴാഴ്ച ഉച്ചയ്ക്ക് രണ്ട് മണി മുതൽ വൈകിട്ട് അഞ്ചുമണിവരെ മാടമ്പി ലൈൻ, മാസ്റ്റർ ലൈൻ, പൂത്തോൾ മെയിൻ റോഡ്, കിഴക്കേപ്പുറം എന്നിവിടങ്ങളിലും വൈദ്യുതി വിതരണം തടസപ്പെടും.

തൃശൂർ: കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ സെക്ഷൻ മൂന്ന് വൈദ്യുത വിതരണ പരിധിയിലുള്ള വഞ്ചിക്കുളം, അരണാട്ടുകര, കേരളവർമ ഫീഡറുകളിൽ എബി കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടക്കുന്നതിനാൽ വ്യാഴാഴ്ച രാവിലെ ഒമ്പത് മുതൽ വൈകിട്ട് ആറുവരെ അടിയാട്ട് ലൈൻ, പൂത്തോൾ റോഡ്, ശങ്കരയ്യർ ജംക്ഷൻ, പാറയിൽ ലൈൻ, വേണുവിഹാരം, കേരള വർമ ബസ് സ്റ്റോപ്പ് പരിസരം, എംജി റോഡ് എന്നിവിടങ്ങളിൽ വൈദ്യുതി വിതരണം ഭാഗികമായി തടസപ്പെടും.

സ്വയംതൊഴിലിലൂടെ സ്വയംപര്യാപ്തതയിലേക്ക്
സ്ത്രീകൾക്ക് കൈത്താങ്ങായി ദാക്ഷായണി പദ്ധതി

തൃശൂർ: പ്രതിസന്ധികൾ മറികടന്ന് സാമ്പത്തിക സ്വയം പര്യാപ്തതയിലേക്ക് മുന്നേറാൻ പട്ടികജാതി വനിതകൾക്ക് പിന്തുണയൊരുക്കി പട്ടികജാതി വികസന വകുപ്പിന്റെ ദാക്ഷായണി സ്വയം തൊഴിൽ സഹായ പദ്ധതി. പട്ടികജാതി വനിതകളുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന പദ്ധതി പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ വനിതകൾക്ക് ധനസഹായം നൽകും. സംസ്ഥാനത്തുടനീളമുള്ള പട്ടികജാതി സ്ത്രീകൾക്കിടയിൽ സാമ്പത്തിക സ്വാതന്ത്ര്യം ശക്തിപ്പെടുത്തുക, സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുക, സുസ്ഥിരമായ ഉപജീവന അവസരങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഭരണഘടനാ നിർമാണസഭയിലെ ഏക ദളിത് വനിതയും പ്രമുഖ സാമൂഹിക പരിഷ്കർത്താവുമായിരുന്ന ദാക്ഷായണി വേലായുധനോടുള്ള ആദരസൂചകമായാണ് പദ്ധതിക്ക് ദാക്ഷായണി എന്ന പേര് നൽകിയിരിക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഞ്ചോ, അതിലധികമോ വനിതകൾ അംഗങ്ങളായ, ജില്ലാ രജിസ്ട്രാർ ഓഫിസിലോ കുടുംബശ്രീയിലോ തദ്ദേശ സ്ഥാപനങ്ങളിലോ രജിസ്റ്റർ ചെയ്ത സ്വയംസഹായ സംഘങ്ങൾക്കും വ്യക്തിഗതമായി സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കുമാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. കുടുംബത്തിന്റെ വാർഷിക വരുമാനം അഞ്ചു ലക്ഷം രൂപയിൽ കവിയാത്ത 21 നും 55 നും ഇടയിൽ പ്രായമുള്ള ഏഴാം ക്ലാസ് പാസായ പട്ടികജാതി വനിതകൾക്ക് പദ്ധതിയിലേക്ക് അപേക്ഷിക്കാനാകും. അർഹരായ വനിതകൾക്ക് ബന്ധപ്പെട്ട ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പട്ടികജാതി വികസന ഓഫിസുകൾ വഴി അപേക്ഷ സമർപ്പിക്കാം.

മാള കെഎസ്ആർടിസി ഡിപ്പോ
പുതിയ സർവീസുകളും ബസും പരിഗണനയിൽ

- മന്ത്രിതല ചർച്ചയിൽ വിവിധ വികസന പദ്ധതികൾ
- പുതിയ സൂപ്പർഫാസ്റ്റ് ബസ് വാങ്ങും
- വിവിധ സ്ഥലങ്ങളിലേക്ക് പ്രിയദർശിനി ഓർഡിനറി സർവീസ്


മാള കെഎസ്ആർടിസി ഡിപ്പോയുടെ വികസനപദ്ധതികളുമായി ബന്ധപ്പെട്ട് മന്ത്രിമാരായ ഒ.ജെ. ജനീഷും സി.പി. ജോണും നടത്തിയ ചർച്ച

മാള: കെഎസ്ആർടിസി ഡിപ്പോയുടെ വികസനത്തിനും പുതിയ ബസ് സർവീസുകൾ ആരംഭിക്കുന്നതിനും ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും നിർണായക തീരുമാനങ്ങൾ. കൊടുങ്ങല്ലൂർ നിയോജകമണ്ഡലം എംഎൽഎയും മന്ത്രിയുമായ ഒ.ജെ. ജനീഷും ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോണും നടത്തിയ മന്ത്രിതല ചർച്ചയിലാണ് വിവിധ വികസന പദ്ധതികൾക്ക് തീരുമാനമായത്. കൊടുങ്ങല്ലൂരിൽ നിന്ന് മാള വഴി പഴനി, വേളാങ്കണ്ണി എന്നിവിടങ്ങളിലേക്ക് സൂപ്പർ ഡീലക്സ് എസി ബസ് സർവീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ, പൊയ്യയിൽനിന്ന് മാള വഴി തൃശൂർ മെഡിക്കൽ കോളെജിലേക്ക് ദിവസേന പ്രിയദർശിനി ഓർഡിനറി സർവീസ്, മാളയിൽ നിന്ന് മങ്കിടി-പുത്തൻചിറ വഴി കൊടുങ്ങല്ലൂരിലേക്ക് പ്രിയദർശിനി ഓർഡിനറി സർവീസ് എന്നിവയാണ് പരിഗണനയിലുള്ളത്. അന്നമനട വഴി മാള, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലൂടെ ഗുരുവായൂരിലേക്ക് ബസ് സർവീസ് ആരംഭിക്കുന്നതിനും കൊടുങ്ങല്ലൂരിൽ നിന്ന് ചാലാക്ക മെഡിക്കൽ കോളെജ് വഴി കളമശേരിയിലേക്ക് പ്രിയദർശിനി ഓർഡിനറി ബസ് സർവീസ് നടത്തുന്നതിനും ചർച്ചയിൽ തീരുമാനമായി. മാള കെഎസ്ആർടിസി ഡിപ്പോയിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്റ്റർ (അഡ്മിനിസ്ട്രേഷൻ) നടപടി സ്വീകരിക്കണമെന്ന് മന്ത്രി നിർദേശിച്ചു. ഡിപ്പോയിലെ ബസ് യാർഡ് എംഎൽഎയുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യും. ബസ് സ്റ്റാൻഡിന് ചുറ്റുമതിൽ നിർമിച്ച് സൗന്ദര്യവത്കരിക്കുന്നതിനുള്ള പദ്ധതിയും നടപ്പാക്കും. മാള ഡിപ്പോയിലേക്ക് 45 ലക്ഷം രൂപ ചെലവിൽ പുതിയ സൂപ്പർഫാസ്റ്റ് ബസ് വാങ്ങുന്നതിനുള്ള അനുമതി അഭ്യർഥിച്ചുള്ള കത്ത് ഗതാഗത മന്ത്രി സി.പി. ജോണിന് ഒ.ജെ. ജനീഷ് കൈമാറി. മാള ഡിപ്പോയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ദീർഘദൂര സർവീസുകളും പ്രാദേശിക സർവീസുകളും വിപുലീകരിക്കുന്നതിനും ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുമുള്ള നടപടികൾ ചർച്ചയിൽ പ്രധാന വിഷയങ്ങളായി.


കുന്നംകുളം സൗഹൃദ കൂട്ടായ്മയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ബാബു എം പാലിശേരി അനുസ്മരണ സമ്മേളനം

ബാബു എം. പാലിശേരി അനുസ്മരണ സമ്മേളനം


കുന്നംകുളം: മുൻ എംഎൽഎയും സിപിഎം നേതാവുമായ ബാബു എം. പാലിശേരിയുടെ ദീപ്തമായ ഓർമകൾക്ക് മുന്നിൽ കുന്നംകുളം പൗരാവലി പ്രണാമമർപ്പിച്ചു. സൗഹൃദ കൂട്ടായ്മയുടെ നേതൃത്വത്തിൽ 'ഓർമകളിൽ ബാബു പാലിശേരി' പേരിൽ നടത്തിയ അനുസ്മരണ സദസ് നാനാതുറകളിലുമുള്ളവരുടെ സംഗമ വേദിയായി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പൊലീത്ത, കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്, നഗരസഭാധ്യക്ഷ സൗമ്യ അനിലൻ, ഗാനരചയിതാവ് ബി. കെ. ഹരിനാരായണൻ, തൃശൂർ ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. താജ് പോൾ, കെപിസിസി ജനറൽ സെക്രട്ടറി പി.ടി. അജയ് മോഹൻ, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.ജി.രഘുനാഥ്, പഞ്ചായത്ത് പ്രസിഡന്റുമാരായ കെ. എ. ജ്യോതിഷ്, എ.എം. നിധീഷ്, ബിന്ദു ധർമൻ, എം.പി. സജീപ്, പ്രസ് ക്ലബ് പ്രസിഡന്റ് ജിജോ തരകൻ, ബാബു പാലിശേരിയുടെ ഭാര്യ ഇന്ദിര, മകൻ അഖിൽ പാലിശേരി, അഡ്വ. സി.ബി. രാജീവ്, കെ.എസ്. രാജേഷ്, സെബാസ്റ്റ്യൻ ചൂണ്ടൽ, എം.എൻ. സത്യൻ, പ്രേംരാജ് ചൂണ്ടലാത്ത്, ജെയ്സിംഗ് കൃഷ്ണൻ, കെ.പി. സേക്സൺ, കെ.എ. അസി, ഡോ. ജോഷി തോമസ്, ഡോ. തോമസ് മാത്യു, സീതാ രവീന്ദ്രൻ, ഫാ. വർഗീസ് വാഴപ്പിള്ളി തുടങ്ങിയവർ ബാബു എം. പാലിശേരിയുടെ ഓർമകൾ പങ്കിട്ടു. സൗഹൃദ കൂട്ടായ്മ ഭാരവാഹികളായ പി.ജി. ജയപ്രകാശ്, സി. ഗിരീഷ് കുമാർ, എം. വി. പ്രശാന്തൻ, എം. ബിജുബാൽ, മോഹൻദാസ് എലത്തൂർ, പി.എസ്. ഷാനു, ജയപ്രകാശ് ഇലവന്ത്ര, അജിത് എം. ചീരൻ എന്നിവർ നേതൃത്വം നൽകി.


താളിയോല ഗ്രന്ഥ സംരക്ഷണ പരിശീലന ശിൽപ്പശാല ഡോ. ജി. സജീന ഉദ്ഘാടനം ചെയ്യുന്നു

താളിയോല ഗ്രന്ഥ സംരക്ഷണ പരിശീലന ശിൽപ്പശാല

ചെറുതുരുത്തി: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയും പിഎൻഎൻഎം ആയുർവേദ മെഡിക്കൽ കോളെജും സംയുക്തമായി സംഹിത, സിദ്ധാന്ത, സംസ്കൃത വിഭാഗത്തിന്റെ നേതൃത്വത്തിൽ താളിയോല ഗ്രന്ഥങ്ങളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച പരിശീലന ശിൽപ്പശാല സംഘടിപ്പിച്ചു. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ ഡോ. ജി. സജീന ഉദ്ഘാടനം ചെയ്തു. തുടർന്ന് താളിയോല ഗ്രന്ഥങ്ങളുടെ ശുചീകരണം, സംരക്ഷണം, സംഭരണം, പരമ്പരാഗത എഴുത്തുപകരണമായ നാരായത്തിന്റെ ഉപയോഗം എന്നിവയുടെ പ്രായോഗിക പരിശീലനത്തിന് ഡോ. സജീന നേതൃത്വം നൽകി. പാം ലീഫ് ഇന്നൊവേഷൻസ് സ്ഥാപകൻ ആർ. രാജേഷ് കുമാർ, കോളെജ് ഡയറക്റ്റർ സന്ധ്യ മണ്ണത്ത്, ഡോ. ജിജി മാത്യു, ഡോ. പി.എസ്. നിധിൻ, ഡോ. വി. വിശാഖ്, എം.ആർ. സന്ധ്യ എന്നിവർ പങ്കെടുത്തു. ആയുർവേദ പൈതൃക ഗ്രന്ഥങ്ങളുടെ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയായിരുന്നു ശിൽപ്പശാലയുടെ ലക്ഷ്യം.

പൊലീസിനെ വെട്ടിച്ച് കടന്ന റിമാൻഡ് പ്രതി പിടിയിൽ


ആഷിക്

തൃശൂർ: വിയ്യൂർ ജയിലിന് സമീപത്ത് നിന്ന് കൈ വിലങ്ങുമായി പൊലീസിനെ വെട്ടിച്ച് കടന്ന റിമാൻഡ് പ്രതി പിടിയിൽ. വിയ്യൂർ ജയിലിനു സമീപം പാടുക്കാട് നിന്ന് ഇന്നലെ രാവിലെയാണ് ഇയാൾ തൃശൂർ കൺട്രോൾ റൂം പൊലീസ് സംഘത്തിന്റെ പിടിയിലായത്. തൃശൂർ മെഡിക്കൽ കോളെജ് പൊലീസ് കഴിഞ്ഞദിവസം അടിപിടി കേസിൽ അറസ്റ്റ് ചെയ്ത കോലഴി സ്വദേശി ആഷിക് (22) ആണ് രക്ഷപ്പെട്ടത്. കേസിൽ കോടതി റിമാൻഡ് ചെയ്ത ആഷിക്കിനെ ജയിലിലേക്ക് എത്തിക്കുന്നതിനിടെ ജയിലിനു മുന്നിൽ വച്ച് പൊലീസ് വാഹനത്തിൽ നിന്ന് കൈവിലങ്ങുമായി ഇറങ്ങി ഓടുകയായിരുന്നു. ചൊവ്വാഴ്ച വൈകിട്ട് ഏഴ് മണിയോടെയാണ് ജയിലിനു സമീപത്ത് വച്ച് പൊലീസ് വാഹനത്തിൽ നിന്ന് ഇയാൾ രക്ഷപ്പെട്ടത്. എസ്കോർട്ട് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന രണ്ട് പൊലീസ് ഉദ്യോഗസ്ഥർ പുറകെ ഓടിയെങ്കിലും ആഷിക്കിനെ പിടികൂടാനായിരുന്നില്ല. കൈവിലങ്ങ് ഉപേക്ഷിച്ച നിലയിൽ കണ്ടെത്തുകയും ചെയ്തിരുന്നു. സിറ്റി പൊലീസ് നടത്തിയ വ്യാപക തെരച്ചിലിന് ഒടുവിൽ കൺട്രോൾ റൂം പൊലീസ് സംഘമാണ് റോഡിലൂടെ നടന്നുവരികയായിരുന്ന പ്രതിയെ പിടികൂടിയത്. തുടർനടപടികൾക്കായി പ്രതിയെ വിയ്യൂർ പൊലീസിന് കൈമാറി.


കെ.എൻ. നാരായണന് ഐഎൻടിയുസി ജില്ലാ പ്രസിഡന്റ് സുന്ദരൻ കുന്നത്തുള്ളി ഉപഹാരം നൽകുന്നു

കെ.എൻ. നാരായണന് അനുമോദനം

തൃശൂർ: ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രി ഒ.ജെ. ജനിഷിന്റെ പ്രതിനിധിയായി തൃശൂർ ഗവ. മെഡിക്കൽ കോളെജ് ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി (എച്ച്ഡിഎസ്) എക്സിക്യൂട്ടീവ് അംഗമായി നിയമിതനായ ഐഎൻടിയുസി ജില്ലാ വൈസ് പ്രസിഡന്റ് കെ.എൻ. നാരായണനെ ഐഎൻടിയുസി ജില്ലാ കമ്മിറ്റി അനുമോദിച്ചു. ജില്ലാ പ്രസിഡന്റ് സുന്ദരൻ കുന്നത്തുള്ളി അനുമോദന യോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ ജനറൽ സെക്രട്ടറി വി.എ. ഷംസുദ്ദീൻ അധ്യക്ഷത വഹിച്ചു. എ.ടി. ജോസ്, സോമൻ മുത്രത്തിക്കര, ജോൺസൺ ആവോക്കാരൻ, എം.ആർ. രവീന്ദ്രൻ, സുരേഷ് മമ്പറമ്പിൽ, ശകുന്തള സജീവ്, വിദ്യ രമേശ്, സി.പി. വിജയലക്ഷ്മി, മോഹൻ നടോടി തുടങ്ങിയവർ പങ്കെടുത്തു.

അകമലയിൽ കാട്ടാന ഭീതി ഒഴിയുന്നില്ല; നോക്കുകുത്തികളായി അധികൃതർ

വടക്കാഞ്ചേരി : അകമലയിൽ ഇന്നലെ പുലർച്ചെ വീണ്ടും കാട്ടാനകളിറങ്ങി വ്യാപകമായി കൃഷി നശിപ്പിച്ചു. തോമ്പികോട്ടിൽ വീട്ടിൽ എൽദോസ്, നഗരസഭാ സ്ഥിരം സമിതി അധ്യക്ഷൻ കെ.പി. മദനൻഎന്നിവരുടെ പറമ്പിലെ തെങ്ങ്, വാഴ എന്നി വിളകളാണ് കൂടുതലായും നശിപ്പിച്ചത്. മേഖലയിൽ തുടർച്ചയായി കാട്ടാനകളിറങ്ങി കൃഷികൾ നശിപ്പിക്കുമ്പോഴും വനംവകുപ്പോ, മറ്റുഅധികൃതരുടെയോ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടാകുന്നില്ലന്നാണ് പ്രദേശവാസികൾ പറയുന്നത്.

സ്ഥിരമായി ആനകൾ ഇറങ്ങുന്നതുമൂലം വീടിന്റെ പുറത്തേക്ക് ഇറങ്ങാൻ പോലും കഴിയാത്ത അവസ്ഥയാണെന്നും നാട്ടുകാർ പറഞ്ഞു. വീടുകൾക്ക് സമീപം ആനകളെത്തിയത് നാട്ടുകാരിൽ പരിഭ്രാന്തി പരത്തിയിരിക്കുകയാണ്. വടക്കാഞ്ചേരി - ഷൊർണൂർ റെയ്ൽപാതയുടെ 10 മീറ്റർ സമീപത്ത് വരെ ആന എത്തി കഴിഞ്ഞു. രാത്രി സമയങ്ങളിൽ ഏതു സമയത്തും ആനകൾ റെയ്ലിനു മുകളിലെത്തിയാൽ അത് വൻ അപകടം ക്ഷണിച്ചു വരുത്തും. ആനകളുടെ വരവ് മുൻകൂട്ടി തടഞ്ഞില്ലെങ്കിൽ ട്രെയ്ൻ തട്ടി വൻ ദുരന്തമാണ് ഉണ്ടാകുകയെന്നും നാട്ടുകാർ പറഞ്ഞു.

കാടിനോടു ചേർന്ന് സ്ഥാപിച്ച വൈദ്യുതി വേലി തകർത്താണ് ആനകൾ ജനവാസ മേഖലയിൽ എത്തുന്നത്. നാട്ടിലിറങ്ങിയ കാട്ടാനകളെ വാഴാനി വനത്തിലൂടെ കുതിരാൻ വഴി കാടിന്റെ ഉള്ളിലേക്ക് തുരത്തണമെന്നാണ് നാട്ടുകാരുടെ പ്രധാന ആവശ്യം.

യുവജന കമ്മിഷൻ അദാലത്ത്: ഏഴ് പരാതികൾ തീർപ്പാക്കി



തൃശൂർ കലക്റ്ററേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന കേരള സംസ്ഥാന യുവജന കമ്മിഷൻ ജില്ലാ അദാലത്ത്

തൃശൂർ: കേരള സംസ്ഥാന യുവജന കമ്മിഷന്റെ നേതൃത്വത്തിൽ കലക്റ്ററേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാതല അദാലത്ത് നടത്തി. അദാലത്തിൽ പരിഗണിച്ച 15 പരാതികളിൽ ഏഴെണ്ണം പരിഹരിച്ചു. എട്ട് പരാതികൾ അടുത്ത സിറ്റിങ്ങിലേക്ക് മാറ്റിവെച്ചു. പുതിയതായി രണ്ട് പരാതികളാണ് ലഭിച്ചത്. യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് കൃത്യമായ പരിഹാരങ്ങൾ ലഭ്യമാക്കുന്നതിന് ഇടപെടലുകൾ ഉണ്ടാകുമെന്നും സൗജന്യ നിയമ സഹായത്തിനായി 18001235310 എന്ന ടോൾ ഫ്രീ നമ്പർ ഒരുക്കിയിട്ടുണ്ടെന്നും കമ്മിഷൻ അറിയിച്ചു. യുവജന കമ്മിഷൻ അംഗം അഡ്വ. ഗ്രീഷ്മ അജയഘോഷിന്റെ അധ്യക്ഷതയിലാണ് അദാലത്ത് സംഘടിപ്പിച്ചത്. കമ്മിഷൻ അംഗങ്ങളായ അഡ്വ. അബേഷ് അലോഷ്യസ്, പി.സി. വിജിത, പി.പി. രൺദീപ്, സെക്രട്ടറി വി.ആർ. പ്രമോദ്, അസി. പി. അഭിഷേക് എന്നിവർ പങ്കെടുത്തു.

HDB FINANCIAL SERVICES

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

രജിസ്റ്റേർഡ് ഓഫീസ്: രാധിക, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവരംഗ്പുര, അഹമ്മദാബാദ് - 09.
ബ്രാഞ്ച് ഓഫീസ്: എം/എസ് എച്ച് ഡി ബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, രണ്ടാം നില, കുളത്തിങ്കൽ കോംപ്ലക്സ്, പെരിന്തൽമണ്ണ, മലപ്പുറം, കേരളം - 679322

ലേല വിൽപ്പന നോട്ടീസ്, ഇ-ലേല വിൽപ്പന നോട്ടീസ്

(വായ്പ്പക്കാരൻ/സഹവായ്പ്പക്കാരൻ/പൊതുജനങ്ങൾ എന്നിവർക്കായി) (2002 സർഫേസി ആക്റ്റിലെ റൂൾ 8(6), കീഴിൽ, റൂൾ 9(1) ഒപ്പം വായിക്കുക.

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രെസ്റ്റ് ആക്റ്റ്, 2002-ലെ റൂൾ 9(1) പ്രകാരം, സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ഉം അനുബന്ധ നിയമങ്ങളും അനുസരിച്ച്, ജപ്തി ചെയ്ത വസ്തുവിന്റെ ഇ-ലേല വിൽപ്പന സംബന്ധിച്ച പൊതു അറിയിപ്പ്.
സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്റ്റ് 2002 പ്രകാരം, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, താഴെ പറയുന്ന ലോൺ അക്കൗണ്ടിന്റെ ഭാഗമായി സെക്യൂർഡ് ക്രെഡിറ്റർക്ക് ഈടായി നൽകിയിട്ടുള്ളതും, ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളതുമായ സ്ഥാവര വസ്തുവകകൾ 'എവിടെയാണോ, അവിടെ അതേപടി', 'എന്താണോ, അത് അതേപടി' എന്ന വ്യവസ്ഥയിൽ വിൽക്കുന്നതിനുള്ള അവകാശം കമ്പനിക്കുണ്ട്. ആയതിനാൽ, പൊതുജനങ്ങൾക്കായി ഒരു അറിയിപ്പ് നൽകുന്നു. https://www.bankeauctions.com എന്ന വെബ്സൈറ്റ് വഴി ഞങ്ങൾ ഒരു പൊതു ഇ-ലേലം നടത്താൻ പോകുന്നു. ഇത് പൊതുജനങ്ങളെ അറിയിക്കുന്നതിനായിട്ടുള്ളതാണ്.

[A]	[B]	[C]	[D]	[E]	[F]	[G]
S. No.	അക്കൗണ്ട് നമ്പർ & വായ്പ്പക്കാരന്റെ, സഹ വായ്പ്പക്കാരന്റെയും മോർട്ട്ഗേജറുടെയും പേര്	ആകെ കുടിശിക തുക	വസ്തുവിന്റെ/വസ്തുക്കളുടെ വിശദാംശങ്ങൾ	റിസർവ് തുക / നിരതദ്രവ്യ നിക്ഷേപം / ബിഡ് വർധന തുക (രൂപയിൽ)	ലേലത്തീയതിയും സമയവും / ഇഎംഡി സമർപ്പിക്കേണ്ട അവസാന തീയതി	ജപ്തിയുടെ തരം
1	Account No. 51958628 1. **മഹാലോ ഡിസ്ട്രിബ്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്**, ഡയറക്ടർമാരായ ഷക്കീല ഫിറോസ്, ഫിറോസ് ചൊളക്കൽ എന്നിവർ പ്രതിനിധീകരിക്കുന്നത്. ചേരക്കപറമ്പ് AP 22/66a-B, എ.പി.ജെ ടവർ, അങ്ങാടിപ്പുറം, മലപ്പുറം, അങ്ങാടിപ്പുറം, ചോളക്കുളം - 679321, കേരളം. **2.ഷക്കില ഫിറോസ്** ഭർത്താവ്: ഫിറോസ് ചൊളക്കൽ, ചൊളക്കൽ വീട്, തിരുക്കാട് പി.ഒ., അങ്ങാടിപ്പുറം, മലപ്പുറം, ചോളക്കുളം - 679321, കേരളം. **3. ഫിറോസ് ചൊളക്കൽ**, പിതാവ്: ഖാലിദ്, ചൊളക്കൽ വീട്, തിരുക്കാട് പി.ഒ., അങ്ങാടിപ്പുറം, മലപ്പുറം, ചോളക്കുളം - 679321, കേരളം.	Rs.99,09,672.67/- (തൊണ്ണൂറ്റൊൻപത് ലക്ഷത്തി ഒൻപതിനായിരത്തി അറുന്നൂറ്റി എഴുപത്തിരണ്ട് രൂപ അറുപത്തേഴ് പൈസ മാത്രം) 14/07/2026 ലെ കണക്ക് പ്രകാരം. തുടർന്നുള്ള പലിശ, അനുബന്ധ ചെലവുകൾ, മറ്റ് നിയമപരമായ ചെലവുകൾ എന്നിവ മുഴുവൻ തുകയും അടച്ചുതീർക്കുന്ന തീയതി വരെ ബാധകമായിരിക്കും.	മലപ്പുറം രജിസ്ട്രേഷൻ ജില്ലയിലും പെരിന്തൽമണ്ണ സബ് രജിസ്ട്രേഷൻ സബ് ജില്ലയിലും മലപ്പുറം താലൂക്കിൽ വലമ്പൂർ വില്ലേജിൽ സർവേ നമ്പർ 92/10-12 ൽ ഉൾപ്പെട്ട 6.68 ആഴ്സ് സ്ഥലവും, പെരിന്തൽമണ്ണ എസ്ആർഒയിൽ രജിസ്റ്റർ ചെയ്ത 5309/2007-ാം നമ്പർ ആധാര പ്രകാരം ഫിറോസിന്റെ പേരിൽ ഉള്ള വസ്തുവും, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ 10/184-ാം നമ്പർ കെട്ടിടവും ഉൾപ്പെടുന്ന മുഴുവൻ വസ്തു വകകളും സഹിതം.അതിരുകൾ: കിഴക്ക്: ഇടവഴി, വടക്ക്: പഞ്ചായത്ത് റോഡ്, പടിഞ്ഞാറ്: ഖാലിദ്, നഫീസ തുടങ്ങിയവരുടെ വസ്തു, തെക്ക്: വഴി. എച്ച്ഡിബിക്ക് അറിയാവുന്ന ബാധ്യതകൾ/ ഉത്തരവാദിത്തം എന്തെങ്കിലുമുണ്ടെങ്കിൽ അവ: അറിവില്ല	Rs.1,06,00,000/- Rs.10,60,000/- Rs.1,00,000/-	01/12/2026 at 11 a.m. to 12Noon, 30/11/2026 up to 06:00 p.m	Possession

ലോഗിൻ ഐഡിയും പാസ്വേഡും നിർമ്മിക്കുന്നതിനും, ഡാറ്റ അപ്ലോഡ് ചെയ്യുന്നതിനും, ബിഡ് രേഖകൾ സമർപ്പിക്കുന്നതിനും, ഓൺലൈൻ ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനത്തിനും വിശദീകരണത്തിനുമായി സഹായം ആവശ്യമുള്ള താൽപ്പര്യമുള്ള ബിഡ്ഡർമാർക്ക് C1 India-യുമായി ബന്ധപ്പെടാവുന്നതാണ്. ഇതിനായി support@bankeauctions.com എന്ന ഇമെയിൽ വിലാസത്തിലോ, 91-7291981124, 25, 26 എന്നീ ഫോൺ നമ്പറുകളിലോ അല്ലെങ്കിൽ https://bankeauctions.com എന്ന വെബ്സൈറ്റ് വഴിയോ ബന്ധപ്പെടാം. കൂടാതെ ഹരിയാനയിലെ ഗുഡ്ഗാവ്, സെക്ടർ-44, പ്ലോട്ട് നമ്പർ 68-ൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന C1 India Private Limited-ലെ മിസ്റ്റർ ധരണി കൃഷ്ണയെ andhra@c1india.com എന്ന ഇമെയിലിലോ 9948182222 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. ഇതുകൂടാതെ രഞ്ജിത്ത് കെ കെ (9746294323), അശ്വിൻ ഗോപിനാഥ് (8137871514), ഉമേഷ് കുമാർ (9645099666) എന്നിവരിൽ നിന്നും സഹായം ലഭ്യമാണ്. ഈ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ബിഡ്ഡർമാർക്ക് ടെൻഡർ ഫോമുകൾ നേരിട്ട് കൈപ്പറ്റാവുന്നതാണ്. ഇതിനായി കേരളത്തിൽ (പിൻ കോഡ്: 679322) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിലുള്ള കുളത്തിങ്ങൽ കോംപ്ലക്സ് രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന മെസ്സേഴ്സ് എച്ച്.ഡി.ബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ മാനേജറുമായി ബന്ധപ്പെടേണ്ടതാണ്.

തീയതി: 28.10.2026 സ്ഥലം: മലപ്പുറം
ഒപ്പ്/- അംഗീകൃത ഓഫീസർ, M/s.എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V. Reji Kumar (Executive Editor), Vol 19, Issue No. 292. RNI No. KERMAL/2009/31365, Printed at S.T. Reddiar Printers, Veekshanam Road, Kochi- 682035 and published from Vaartha News Network Pvt.Ltd, Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur-680007, Ph: 0487 2444489. Email: cltbureau@metrovaartha.com